## പതിമൂന്നാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 891** **29/09/2011 -ൽ മറുപടിക്ക്**

**എസ്.എസ്.എൽ.സി. ബുക്കിൽ ജനന തീയതി തിരുത്തിക്കിട്ടുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു. എം. പാലിശ്ശേരി | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

(എ) എസ്.എസ്.എൽ.സി. ബുക്കിൽ ജനന തീയതി തിരുത്തിക്കിട്ടുന്നതിന് നിലവിലുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ് ;

(ബി) ജനന തീയതി തിരുത്തിക്കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

(എ) & (ബി) എസ്.എസ്.എൽ.സി ബുക്കിൽ ജനനത്തീയതി തിരുത്തുന്നതിന് നിലവിലുണ്ടായിരുന്ന സങ്കീർണ്ണമായ നടപടികൾ ഗണ്യമായി ലഘൂകരിച്ചിട്ടുണ്ട്. അതനുസരിച്ച് താഴെ പറയുന്ന രേഖകൾ സഹിതം, പരീക്ഷാ കമ്മീഷണർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

1) നിശ്ചിത മാതൃകയിലുള്ള ശരിയായ അപേക്ഷ.
2) അസ്സൽ ജനന സർട്ടിഫിക്കറ്റ്, മൂന്ന് പകർപ്പുകൾ (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
3) 0202-01-102-92 എന്ന ശീർഷകത്തിൽ രൂപ 500/- ഒടുക്കിയിട്ടുള്ള ചെലാൻ.
4) അസ്സൽ എസ്.എസ്.എൽ.സി ബുക്ക്.
5) 42/- രൂപയുടെ സ്റ്റാമ്പ് പതിച്ച അപേക്ഷകന്റെ മേൽവിലാസം എഴുതിയ ഒരു കവറും 27/- രൂപ വീതം സ്റ്റാമ്പ് പതിച്ച രണ്ട് കവറുകളും (ഒന്നിൽ ജനനസർട്ടിഫിക്കറ്റ്

നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അധികാരിയുടെ മേൽവിലാസവും മറ്റേതിൽ ജോയിന്റ് കമ്മീഷണർ, ഗവ: പരീക്ഷാ കമ്മീഷണറുടെ ആഫീസ്, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന മേൽവിലാസവും എഴുതിയിരിക്കണം)അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.

6) വില്ലേജ് ആഫീസറിൽനിന്നും ലഭിച്ച തിരിച്ചറിയൽ സർട്ടിഫിക്കറ്റ്.
7) സ്റ്റേറ്റ് ലൈബ്രേറിയന്റെ സർട്ടിഫിക്കറ്റ്.
8) കാലതാമസം മാപ്പാക്കിയ ഗവൺമെന്റ് ഉത്തരവ്. (SSLC യ്ക്ക് രജിസ്റ്റർ ചെയ്ത് 15 വർഷം കഴിഞ്ഞവർക്ക്).

(ക്രമനമ്പർ 6,7,8 എന്നിവ ആവശ്യമെങ്കിൽ മാത്രം സമർപ്പിച്ചാൽ മതിയാകും)

മേല്പറഞ്ഞ വിവരങ്ങൾ പൊതുജനങ്ങൾക്കായി പരീക്ഷാഭവന്റെ Website-ൽ (www.kerala pareekshabhavan.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ